കേരള സർക്കാർ

# കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കടവല്ലൂർ ഗ്രാമപഞ്ചായത്ത്
# 2016-17
# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
e-mail:dotsr.ksad@kerala.gov.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ. (പി6)1524/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ – 680020

തീയതി 29.11.2017

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടവല്ലൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കടവല്ലൂർ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-6 ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത

കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ (പി6)1524/17 തിയ്യതി: 29.11.2017

## തൃശ്ശൂർ ജില്ലയിലെ കടവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കടവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2016 മുതൽ 20.9.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് 2016-17

വർഷത്തിൽ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. കെ.യു.ചേക്കുട്ടി,<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.09.17 മുതൽ 04.10.17 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എൻ.സതീശൻ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി. ഷൈനി കൃഷ്ണദാസ് | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ലിഷ.കെ.വി | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. രേഖ.സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ശോഭന.യു.പി. | 01.04.16 മുതൽ 31.03.17 വരെ |
| സെക്രട്ടറി | ശ്രീ. മനോജ്.കെ. | 01.04.16 മുതൽ 31.03.17വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. ലാൽസുന | 01.04.16 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ. ധന്യ | 01.04.16 മുതൽ 28.05.16 വരെ |
| | ഡോ. ലിൻസ സക്കറിയ | 29.05.16 മുതൽ 01.06.16 വരെ |

| | | |
|---|---|---|
| | ഡോ. അഭിലാഷ് | 02.06.16 മുതൽ 31.03.17വരെ |
| മെഡിക്കൽ ഓഫീസർ, (ഹോമിയോ) | ഡോ. ജ്വൽ | 01.04.16 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ. ദേവീദാസ് | 01.04.16 മുതൽ 10.07.16 വരെ |
| | ഡോ. ജസ്റ്റിൻ മാമ്മൻ | 11.07.16 മുതൽ 16.08.16 വരെ |
| | ഡോ. ഷാമില | 17.08.16 മുതൽ 31.03.17വരെ |
| വി.ഇ.ഒ | ശ്രീമതി. സൂര്യ.കെ.ആർ | 01.04.16മുതൽ 12.07.16വരെ |
| | ശ്രീ. ഷിജു. ടി.ബി. (അധിക ചുമതല) | 13.07.16 മുതൽ 12.08.16 വരെ |
| | ശ്രീമതി. അംബുജാക്ഷി | 13.08.16 മുതൽ 31.03.17വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. കാഞ്ചനമാല | 01.04.16 മുതൽ 19.09.16 വരെ |
| | ശ്രീമതി.റസൽബിന്ദ്.കെ.എം | 20.09.16 മുതൽ 04.02.17 വരെ |
| | ശ്രീമതി. ആൻസി | 05.02.17 മുതൽ 21.02.17 വരെ |
| | ശ്രീമതി. ഗ്ലിറ്റി | 22.02.17 മുതൽ 31.03.17 വരെ |
| വെറ്ററിനറി സർജൻ | ഡോ. ഡേവിഡ് | 01.04.16 മുതൽ 31.03.17 വരെ |
| അസി.സെക്രട്ടറി | ശ്രീ.കെ.കെ.നന്ദകുമാരൻ | 01.04.16 മുതൽ 25.08.16 FNവരെ |
| | ശ്രീ.അൻവർ റഹ്മാൻ | 25.08.16 AN മുതൽ 31.12.16 വരെ |
| | ഒഴിവ് | 01.01.17 മുതൽ 04.01.17 വരെ |
| | ശ്രീമതി. അനിത രാമൻ | 05.01.17 മുതൽ 31.03.17 വരെ |
| പ്രധാനാദ്ധ്യാപിക | ശ്രീമതി. ദീപ | 01.04.16 മുതൽ 31.03.17 വരെ |
| അസി.എഞ്ചിനീയർ | ശ്രീ. വിനോജ്. ടി.ജെ | 01.04.16 മുതൽ 31.03.17 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1.2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1.3 |
| 4 | സാമ്പത്തിക വിശകലനം | 1.4 |

| | | |
|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം. | 1.6 |
| 7 | തനത് വരുമാനം. | 1.7 |
| 8 | ക്ഷേമപദ്ധതികൾ | 1.8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1.10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.11 |
| | ഭാഗം 2 | |
| 12 | തൊഴിൽ നികുതി അടവാക്കിയിട്ടില്ല | 2.1 |
| 13 | ഡി&ഒ ലൈസൻസ് അപാകതകൾ | 2.2 |
| 14 | കാലാവധി കഴിഞ്ഞ ചെക്കുകൾ തനതു ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല | 2.3 |
| 15 | വസ്തുനികുതി കണക്കാക്കിയതിൽ കുറവ് | 2.4 |
| 16 | അൻസാരി ചാരിറ്റബിൾ ട്രസ്റ്റിനു കീഴിലുള്ള സ്ഥാപനങ്ങളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല. | 2.5 |
| 17 | ബിൽഡിംഗ് പെർമിറ്റ് -സർവ്വെ റിപ്പോർട്ടിൻമേലുള്ള തുടർനടപടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ് | 2.6 |
| | ഭാഗം 3 | |
| 18 | പാലിയേറ്റീവ് കെയർ നഴ്സിന് ശമ്പളയിനത്തിൽ തനതുഫണ്ടിൽ നിന്നും അനുവദിച്ച തുക തിരികെ അടവാക്കിയിട്ടില്ല | 3.1 |
| 19 | തനതു ഫണ്ട് വൗച്ചറുകൾ – അപാകതകൾ | 3.2 |
| 20 | സെക്രട്ടറി നിർവ്വഹണം ചെയ്ത പ്രോജക്ടുകളിലെ അപാകതകൾ | 3.3 |
| 21 | കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായുള്ള പദ്ധതി-രസീതികളിലെ അപാകതകൾ | 3.4 |
| 22 | കുടിവെള്ള പദ്ധതികൾ - പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 3.5 |
| 23 | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ | 3.6 |

| | | |
|---|---|---|
| 24 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥനായുള്ള പദ്ധതികളിലെ അപാകതകൾ | 3.7 |
| 25 | ഭവനനിർമ്മാണം - തറ വിസ്തീർണ്ണം അനുവദനീയമായതിനേക്കാൾ അധികം പണിതു. | 3.8 |
| 26 | മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല | 3.9 |
| 27 | ഹെഡ്മിസ്ട്രസ് നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 3.10 |
| 28 | ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾക്ക് വ്യത്യസ്ത വില നൽകിയിരിക്കുന്നു. | 3.11 |
| 29 | പി.എച്ച്.സി. മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ | 3.12 |
| 30 | പൊതുമരാമത്ത് മേഖലയിലെ പദ്ധതി നിർവ്വഹണം | 3.13 |
| 31 | സോളിംഗ്, റീ ടാറിംഗ് പ്രവൃത്തികൾ കൃത്യസമയത്ത് പൂർത്തീകരിച്ചില്ല. | 3.14 |
| 32 | മാന്തോട്ടം കുടിവെള്ള പദ്ധതിക്ക് മോട്ടോർ, പൈപ്പ് ലൈൻ - അപാകതകൾ | 3.15 |
| 33 | ചേലക്കപ്പറമ്പ് കുടിവെള്ള പദ്ധതിക്ക് കുഴൽ കിണർ നിർമ്മാണം പൂർത്തീകരിക്കാതെ ഉപേക്ഷിച്ചു. | 3.16 |
| 34 | തൊഴിലുറപ്പ് പദ്ധതി അവലോകനം | 3.17 |
| 35 | ഭരണസമിതി തീരുമാനം നടപ്പിലാക്കിയിട്ടില്ല | 3.18 |
| | ഭാഗം 4 | |
| 36 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |
| 37 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 |
| 39 | വായ്പ/ വായ്പ തിരിച്ചടവ് | 4.4 |
| 40 | സ്ഥിരനിക്ഷേപങ്ങൾ | 4.5 |

| | | |
|---|---|---|
| 41 | ഓഡിറ്റ് റിക്കവറി | 4.6 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4.7 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.8 |
| 44 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം -1 |

# ഭാഗം 1

## പൊതു അവലോകനം

# 1-1. ബജറ്റ്

2016-17 വർഷത്തെ 29.2.16 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച ബജറ്റ് 31.01.17 ലെ 3-ാം നമ്പർ തീരുമാനപ്രകാരം റിവൈസ് ചെയ്തിട്ടുണ്ട്. റിവൈസ്ഡ് ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 3,90,40,397/- രൂപയും ചെലവ് 5,55,56,253/-രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.17 | 24.07.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകകൾ ചുവടെ ചേർക്കുന്നു.

1. നാളിതുവരെയുള്ള ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. വസ്തു നികുതി സഞ്ചയ പ്രകാരമുള്ള ഡി.സി.ബി. വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ഡിമാന്റ്, അസ്സസ്സ്മെന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ പ്രിന്റ് എടുത്തു സൂക്ഷിച്ചിട്ടില്ല.

3. എസ്.ബി.ടി. പെൻഷൻ അക്കൗണ്ട് ബാങ്ക് പാസ്സ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
4. എൻ.ആർ.ഇ.ജി.എസ്. ക്യാഷ് ബുക്ക് പ്രകാരമുള്ള, വരവ് ചെലവ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
5. ഡി.ആന്റ്.ഒ., തൊഴിൽ നികുതി അഡ്വാൻസ് കളക്ഷൻ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.
6. ബിൽഡിംഗ് പെർമിറ്റ് ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
7. സംയുക്ത പ്രോജക്ടുകൾക്കുള്ള ജില്ലാ പഞ്ചായത്ത് വിഹിതം രശീതി നം. 11616400004/16.4.16 പ്രകാരം 75000 രൂപ വരവ് കാണുന്നു. എന്നാൽ വാർഷിക കണക്കിൽ 74025 രൂപയാണ് വരവ് കാണിച്ചിരിക്കുന്നത്.
8. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.
9. ഡി.ആന്റ്.ഒ., ബിൽഡിംഗ് പെർമിറ്റ്, തൊഴിൽ നികുതി, വസ്തു നികുതി എന്നിവ ഒഴികെയുള്ള വരവിനങ്ങളുടെ രജിസ്റ്ററുകളോ, ഡി.സി.ബി. പത്രികയോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

10.ക്ഷേമപെൻഷനുകളുടെ 31.3.17ലെ കണക്കുകളല്ല വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 31.3.17 ലെ റിപ്പോർട്ട് പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല.
11. 2016-17 വർഷത്തിൽ നിർവ്വഹണ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകൾ അഡ്വാൻസ് ഹെഡ്ഡിൽ വന്നിട്ടില്ല (RP- 47). വിനിയോഗ വിവരം ലഭിച്ചിട്ടില്ലാത്ത അഡ്വാൻസ് തുകകൾ ബാലൻസ് ഷീറ്റിലും ഉൾപ്പെട്ടു കാണുന്നില്ല.
12. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ b-18 ൽ Advance to kudumbasree Neighbourhood group എന്ന ഹെഡ്ഡിൽ 12,64,238/ രൂപ ഉള്ളതായി കാണുന്നു. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
13. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 ൽ Beneficiary Contribution ഹെഡ്ഡിൽ 1,61,147/- രൂപ കാണുന്നു. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2016-17 ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക കണക്കിലെ ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 15524695.89 |
| വരവ് | 54555833 |
| ആകെ | 70080528.89 |
| ചെലവ് | 55546993 |
| നീക്കിയിരിപ്പ് | 14533535.89 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷത്തെ അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് | ചെലവ് ശതമാനം | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 14119696 | 14119696 | 12296765 | 87.09 | 1822931 |
| വികസനഫണ്ട് എസ്.സി.പി. | 0 | 9742944 | 9742944 | 6196132 | 63.6 | 3546812 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 7845 | 7845 | 7845 | 100 | - |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 11131899 | 11131899 | 1012097 | 9.09 | 10119802 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 3822219 | 3822219 | 3703724 | 96.90 | 118495 |
| 13-ാം ധനകാര്യ കമ്മീഷൻ | 0 | 7918771 | 7918771 | 5747517 | 72.58 | 2171254 |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ് | | | | | | |
| പെർഫോമൻസ് ഗ്രാന്റ് | 0 | 4760086 | 4760086 | 1800026 | 37.81 | 2960060 |

## 1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 211 | 102870194 | 122 | 49573319 | 15 | 74 | 57.81% |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 23.30% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4931172 | 5942628 | 1011456 | (+)20.51 |
| നികുതിയേതര വരവുകൾ | 883284 | 821506 | -61778 | (-)6.99 |
| മറ്റുവരവുകൾ | 9478495 | 12092555 | 2614060 | (+)27.58 |
| ആകെ | 15292951 | 18856689 | 3563738 | (+)23.30 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 50880 | 61 |
| കർഷകതൊഴിലാളി പെൻഷൻ | 2668750 | 309 |
| വിധവാപെൻഷൻ | 13113770 | 1564 |
| വാർദ്ധക്യകാലപെൻഷൻ | 19137885 | 2235 |
| വികലാംഗപെൻഷൻ | 2995710 | 257 |

| | | |
|---|---|---|
| 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 855020 | 150 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 510000 | 17 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.9.17 തിയതിയിൽ 3.30 പി.എം.ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 22989 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു. തുക ക്യാഷ് ബുക്ക് , ഡേ ബുക്ക് എന്നിവയുമായി പൊരുത്തപ്പെടുന്നുണ്ട്.

## 1-10 ആഭ്യന്തരനിയന്ത്രണം.

1) ഓഫീസ് ഓർഡർ പ്രകാരം ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണ്.

2) പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതായ പ്രധാന രജിസ്റ്ററുകളായ ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവയൊന്നും സൂക്ഷിക്കുന്നില്ല. ഇൻക്യുമ്പൻസി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ചേർക്കുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ കൂടി ചേർത്ത് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്

3) ഹാർഡ് വെയറിനും സോഫ്റ്റ് വെയറിനും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും എല്ലാ വിവരങ്ങളും ചേർക്കുന്നില്ല.
4)ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ എല്ലാ കോളങ്ങളും പൂരിപ്പിച്ചിട്ടില്ല. ഫീസ് അടവാക്കിയതിൻെറ വിവരം, പെർമിറ്റ് നിരസിച്ചതിൻെറ വിവരം, വസ്തു നികുതി നിർണ്ണയിച്ചതിൻെറ വിവരം, പെർമിറ്റ് പുതുക്കിയതിൻെറ വിവരം എന്നിവ രജിസ്റ്ററിൽ ചേർത്തിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.09.17 | 2017 ഓഗസ്റ്റ് | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.3.17 മുതൽ 11.04.17 വരെ | 2011-12 മുതൽ 2015-16 വരെ | 10.05.17 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി അടവാക്കിയിട്ടില്ല

കടവല്ലൂർ ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങളുടെ 2016-17 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമനം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1. | മണപ്പുറം ഫിനാൻസ്, പെരുമ്പിലാവ് | 2 |
| 2. | ബി.എസ്.എൻ.എൽ. | 1&2 |
| 3. | സപ്ലൈകോ മാവേലി സ്റ്റോർ | 1&2 |
| 4. | മുത്തൂറ്റ് ഫിൻ കോർപ്പ് പെരുമ്പിലാവ് | 1&2 |
| 5. | സ്നോ ക്യാപ്പ് ഐസ്ക്രീംസ്, വട്ടമാവ് | 1&2 |
| 6. | ഖാദി മോഡൽ സെന്റർ കടവല്ലൂർ | 1&2 |
| 7. | ESAF കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റി | 1&2 |

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമനം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | മണപ്പുറം ഫിനാൻസ്, പെരുമ്പിലാവ് | 2 |
| 2 | പോസ്റ്റ് ഓഫീസ്, പെരുമ്പിലാവ് | 2 |
| 3 | പോസ്റ്റ് ഓഫീസ്, തിപ്പിലിശ്ശേരി | 1 |

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതിൽ കുറവു കാണുന്നു.

| ക്രമനം. | ജീവനക്കാരന്റെ പേര് | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം | വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | സുബിത.എൻ.ബി | സബ് പോസ്റ്റ് ഓഫീസ് കരിക്കാട് | 2 | 86004 | 750 | 600 | 150 |
| 2 | വിലാസിനി.പി.പി | അൻസാർ ഹോസ്പിറ്റൽ | 2 | 76280 | 750 | 600 | 150 |
| 3 | സ്മിത രമേഷ് | ,, | 1 | 81411 | 750 | 600 | 150 |
| 4 | റാണിക്കുട്ടി.കെ.എൻ | അൻസാർ കംപ്യൂട്ടർ കോളേജ് | 2 | 131154 | 1250 | 1000 | 250 |
| 5 | നസീറ.പി | പി.എച്ച്.സി. | 1 | 146316 | 1250 | 600 | 650 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | പെരുമ്പിലാവ് | | | | | |
| 6 | രാജി കെ തമ്പി | ദീനബന്ധു ഇ.എം. സ്കൂൾ | 1 | 18500 | 180 | 120 | 60 |
| 7 | വിജി വർഗ്ഗീസ് | ദീനബന്ധു ഇ.എം. സ്കൂൾ | 1 | 18500 | 180 | 120 | 60 |
| 8 | സുഹറ സലീം | ദീനബന്ധു ഇ.എം. സ്കൂൾ | 1 | 18500 | 180 | 120 | 60 |
| ആകെ | | | | | | | 1530 |

ലൈസൻസ് ഫീ ഡിമാന്റ് റജിസ്റ്റർ പരിശോധിച്ചപ്പോൾ ചില വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവു വന്നതായി കാണുന്നു. വിശദമായി താഴെ ചേർക്കുന്നു.

| ക്രമനം. | വ്യാപാരിയുടെപേര് | ലൈസൻസ് നമ്പർ | പ്രതിദിന വിറ്റുവരവ് | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | ഷീബ സുനിൽ കുമാർ | 214 | 5000 | 600 | 360 | 240 |
| 2 | കെ.എ. സുഹറ | 220 | 20000 | 2000 | 1200 | 800 |
| 3 | അബൂബക്കർ | 224 | 3000 | 360 | 240 | 120 |
| 4 | കെ.എം. അലി | 233 | 10000 | 900 | 240 | 660 |
| 5 | സ്മിത സുരേഷ് | 380 | 10000 | 900 | 600 | 300 |
| 6 | ഖാലിദ് | 197 | 30000 | 2500 | 600 | 1900 |
| 7 | മുഹമ്മദാലി | 240 | 4000 | 360 | 240 | 120 |
| 8 | പോക്കർ | 255 | 2000 | 360 | 240 | 120 |
| 9 | ഹസ്സൻ. ടി.എം. | 259 | 50000 | 2500 | 360 | 2140 |
| 10 | കെ.ജി. ചന്ദ്രൻ | 264 | 10000 | 900 | 600 | 300 |
| 11 | ഷെഫീക്ക് ഹൈഡ്രോസ് | 279 | 5000 | 600 | 360 | 240 |
| 12 | ഷറഫുദ്ധീൻ | 326 | 6000 | 600 | 360 | 240 |
| 13 | എൻ.എം. സലീം | 364 | 5000 | 600 | 360 | 240 |
| 14 | ഉമ്മർ | 365 | 5000 | 600 | 360 | 240 |
| 15 | എം.കെ. വിജയൻ | 408 | 5000 | 600 | 360 | 240 |
| 16 | കെ.പി. റഹ്മാൻ | 424 | 7500 | 900 | 600 | 300 |
| ആകെ | | | | | | 8200 |

തൊഴിൽ നികുതി അടവാക്കിയതിൽ കുറവു വന്ന തുക/കുടിശ്ശിക എത്രയും പെട്ടെന്ന് ബന്ധപ്പെട്ട ജീവനക്കാരിൽ/സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം. 9 /17 തീയതി :26/09/17)

## 2-2 ഡി&ഒ ലൈസൻസ് അപാകതകൾ

കടവല്ലൂർ ഗ്രാമ പഞ്ചായത്തിലെ 2016-17ലേക്കുള്ള വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ ലൈസൻസ് അപേക്ഷകൾക്കൊപ്പം പലപ്പോഴും ആവശ്യമായ രേഖകൾ ഇല്ല. ഉദാഹരണത്തിന് ലൈസൻസ് നമ്പർ 334 – മരമില്ലിന്റെ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷക്കൊപ്പം വനം വകുപ്പിൽ നിന്നുമുള്ള അനുമതി ഇല്ല. ഭൂരിഭാഗം അപേക്ഷകളിലും പ്ലാസ്റ്റിക്ക് നിരോധനം സംബന്ധിച്ച് സത്യവാങ്മൂലം ഇല്ല. ലൈസൻസ് ഫീസ്, വ്യാപാരികളുടെ തൊഴിൽ നികുതി എന്നിവ നിശ്ചയിക്കുന്നത് അവരുടെ പ്രതിദിന വിറ്റുവരവിനെ അടിസ്ഥാനമാക്കിയാണ് എന്നിരിക്കെ പല അപേക്ഷകളിലും ആയത് രേഖപ്പെടുത്തിയിട്ടില്ല. ഇത്തരത്തിലുള്ള സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയ ലൈസൻസ് ഫീയുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞില്ല.

ലൈസൻസ് നമ്പർ 228, 230, 250, 252, 52A/16-17, 49A/16-17, 273, 345, 396, 405, 406, 407, 408, 409, 411, 418, 419 എന്നിവയുടെ അപേക്ഷകൾ പരിശോധനക്ക് ലഭിച്ചിട്ടില്ല (ഓഡിറ്റ് എൻക്വയറി നം. 11 /17 തീയതി :26/09/17).

ലൈസൻസ് ഫീ ഡിമാന്റ് റജിസ്റ്റർ പരിശോധിച്ചപ്പോൾ ചില വ്യാപാരികളിൽ നിന്നും ഫീ ഈടാക്കിയതിൽ കുറവു വന്നതായി കാണുന്നു. വിശദമായി താഴെ ചേർക്കുന്നു.

| ക്രമ നം. | വ്യാപാരിയുടെപേര് | ലൈസൻസ് നമ്പർ | പ്രതിദിന വിറ്റുവരവ് | ഈടാക്കേണ്ട ഫീ | ഈടാക്കിയ ഫീ | കുറവ് |
|---|---|---|---|---|---|---|
| 1 | കെ.എം. അലി | 233 | 10000 | 200 | 100 | 100 |
| 2 | ഹസ്സൻ. ടി.എം. | 259 | 50000 | 1000 | 200 | 800 |
| 3 | ഖാലിദ് | 197 | 30000 | 1000 | 300 | 700 |
| ആകെ | | | | | | 1600 |

കുറവ് വന്ന തുക എത്രയും പെട്ടെന്ന് വ്യാപാരികളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-3 കാലാവധി കഴിഞ്ഞ ചെക്കുകൾ തനതു ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല

കടവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ ബാങ്ക് ബുക്ക്, പാസ്സ് ബുക്ക്, റീകൺസിലിയേഷൻ റിപ്പോർട്ട് എന്നിവ പരിശോധിച്ചപ്പോൾ തനതു ഫണ്ടിൽ നിന്നും വിതരണം ചെയ്ത ചെക്കുകളിൽ ചിലത് കാലാവധി കഴിഞ്ഞിട്ടും ബാങ്കിൽനിന്നും (KSCB) മാറിയിട്ടില്ല ഈചെക്കുകൾ തനതു ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല. പ്രസ്തുത ചെക്കുകൾ എത്രയും പെട്ടെന്ന് റദ്ദാക്കി തനതു ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.34/17 തീ.04.10.17).

| ചെക്ക് നമ്പർ | തീയതി | തുക |
|---|---|---|

| | | |
|---|---|---|
| 35052 | 16.01.16 | 1000 |
| 31978 | 30.11.15 | 1000 |
| 31737 | 11.05.15 | 1455 |

## 2-4 വസ്തുനികുതി കണക്കാക്കിയതിൽ കുറവ്

കടവല്ലൂർ പഞ്ചായത്തിലെ 2016-17 വർഷത്തെ നമ്പറിങ്ങ് ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന വ്യക്തികളുടെ വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് വന്നതായി കാണുന്നു.

| പേര്/വാർഡ് | തറ വിസ്തീർണ്ണം | നിരക്ക് | നിർണ്ണയിക്കേണ്ട നികുതി | നിർണ്ണയിച്ച നികുതി | അഭിപ്രായം |
|---|---|---|---|---|---|
| ഫസീല, W/oസമീർബാബു, സമീർ മൻസിൽ വാർഡ് നം. 4 | 84.7$m^2$ | 5 | 423.5-84.5 = 339 (ഇളവ് 20%)+ 17 (LC 5%) = 322 | 286 | Completed Plan പ്രകാരവും ഓവർസീയറുടെ റിപ്പോർട്ട് പ്രകാരവും 84.7$m^2$നാണ് വസ്തുനികുതി കണക്കാക്കേണ്ടത്. എന്നാൽ 67.76$m^2$ന് മാത്രമാണ് വസ്തുനികുതി കണക്കാക്കിയിട്ടുള്ളത്. ആയതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 12/26.09.17ന് മറുപടി ലഭിച്ചില്ല. |
| സരോജിനി, W/o കേശവൻ, ചവതപറമ്പിൽ, വാർഡ് നം.13 | 75.21$m^2$ | 5 | 376.5-75.21= 300.84 (ഇളവ്20%)+15 (LC 5%)=316 | 266 | Completed Plan പ്രകാരവും ഓവർസീയറുടെ റിപ്പോർട്ട് പ്രകാരവും 75.21$m^2$ നാണ് നികുതിയടക്കേണ്ടത്. എന്നാൽ 63.21$m^2$ന് മാത്രമാണ് നികുതി നിർണ്ണയിച്ചത്. |

നികുതി നിർണ്ണയത്തിലെ അപാകം പരിഹരിക്കേണ്ടതാണ്.

## 2-5 അൻസാരി ചാരിറ്റബിൾ ട്രസ്റ്റിനു കീഴിലുള്ള സ്ഥാപനങ്ങളുടെ

## വസ്തുനികുതി ഈടാക്കിയിട്ടില്ല.

കടവല്ലൂർ പഞ്ചായത്തിന്റെ അധികാര പരിധിയിൽ വർഷങ്ങളായി പ്രവർത്തിച്ചു വരുന്ന അൻസാരി ചാരിറ്റബിൾ ട്രസ്റ്റിനു കീഴിലെ സ്ഥാപനങ്ങളുടെ വസ്തു നികുതി നാളിതുവരെയായിട്ടും അടവാക്കിയിട്ടില്ലാത്തതാണ്. ആയത് ഈടാക്കുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും വീഴ്ച വന്നിട്ടുള്ളതായും ഓഡിറ്റ് വിലയിരുത്തുന്നു.

ട്രസ്റ്റിനു കീഴിലുള്ള സ്ഥാപനങ്ങളുടെ യഥാർത്ഥ വിസ്തൃതി അളന്നു തിട്ടപ്പെടുത്തുന്നതിനായി 20-2-17ലെ ഭരണസമിതി തീരുമാനം 6/17 പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ AE ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം അൻസാർ ഹോസ്പിറ്റൽ, അനുബന്ധ സ്ഥാപനങ്ങൾ എന്നിവയിലായി മൊത്തം 11249.41$m^2$ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളും അൻസാർ സ്കൂൾ, അനുബന്ധ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലായി 32316.96$m^2$ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളും ഉള്ളതായി കാണുന്നു.

പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 207 B യുടെ ഭേദഗതി (26-4-13 ലെ കേരള ഗസറ്റ് നമ്പർ 1170/ എൽ.എസ്.ജി.ഡി) പ്രകാരം സർക്കാരിന്റെ അംഗീകാരം ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കന്ററി തലം വരെയുള്ളതുമായ വിദ്യാഭ്യാസ ആവശ്യങ്ങൾക്കുമാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും, അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളെയും, വകുപ്പ് 207 C പ്രകാരം രോഗികൾക്ക് സൗജന്യമായി ചികിത്സ ലഭ്യമാക്കുന്ന ആതുരാലയങ്ങളെയുമാണ് വസ്തുനികുതി ഈടാക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുള്ളത്. അൻസാരി ചാരിറ്റബിൾ ട്രസ്റ്റിനു കീഴിലെ സ്ഥാപനങ്ങളിന്മേൽ പറഞ്ഞ ഗണത്തിൽ ഉൾപ്പെടുന്നവയെ മാത്രം ഒഴിവാക്കി ബാക്കി ട്രസ്റ്റിനുകീഴിലെ മുഴുവൻ സ്ഥാപനങ്ങളെയും പഞ്ചായത്ത് തീരുമാനപ്രകാരം കെട്ടിട വിഭാഗങ്ങളുടെ തരമനുസരിച്ച് നിശ്ചയിച്ചിരിക്കുന്ന നികുതി നിരക്കുകൾ അടിസ്ഥാനപ്പെടുത്തി വസ്തുനികുതി നിർണ്ണയിക്കേണ്ടതും ഡിമാന്റ് നോട്ടീസ് നൽകി കുടിശ്ശിക സഹിതം വസ്തു നികുതി ഈടാക്കേണ്ടതുമാണ്.

## 2-6 ബിൽഡിംഗ് പെർമിറ്റ് -സർവ്വെ റിപ്പോർട്ടിൻ മേലുള്ള തുടർനടപടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

കടവല്ലൂർ പഞ്ചായത്തിലെ കരിക്കാട് വില്ലേജിൽ പെരുമ്പിലാവ് ഹൈവേക്ക് സമീപം 78/1 സർവ്വേ നമ്പറിൽ 236.71$m^2$ തറ വിസ്തീർണ്ണമുള്ള വാസ ഗൃഹം നിർമ്മിക്കുന്നതിനായി പെർമിറ്റ് നമ്പർ 58/16-17 തിയതി 30-6-16 പ്രകാരം ശ്രീ. മുഹമ്മദ് കുട്ടി, പൂങ്ങാട്ടിയിൽ ഹൗസ് എന്നവർക്ക് അനുമതി നൽകിയിരുന്നു. എന്നാൽ കെട്ടിടം നിർമ്മിക്കുന്ന സ്ഥലം പുറമ്പോക്ക് ഭൂമിയാണെന്നുള്ള പരിസരവാസികളുടെ പരാതിയുടെ അടിസ്ഥാനത്തിൽ ടി ഭൂമി തിരിച്ചറിയാൻ താലൂക്ക് സർവ്വെയറെക്കൊണ്ട് അളന്ന് തിട്ടപ്പെടുത്തി റിപ്പോർട്ട് രേഖാമൂലം നൽകുന്നതിന് 1-11-16ലെ 95(3)16നെ ഭരണസമിതി തീരുമാന പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ശ്രീ മുഹമ്മദ് കുട്ടി എന്നവർ കോടതിയിൽ കേസ് ഫയൽ ചെയ്യുകയും കോടതി തർക്കഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിനായി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിലുള്ള തുടർനടപടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പാലിയേറ്റീവ് കെയർ നഴ്സിന് ശമ്പളയിനത്തിൽ തനതുഫണ്ടിൽ നിന്നും അനുവദിച്ച തുക തിരികെ അടവാക്കിയിട്ടില്ല

കടവല്ലൂർ പി.എച്ച്.സി.യിലെ പാലിയേറ്റീവ് കെയർ നഴ്സായ ശ്രീമതി. ഷെറി.കെ.ജോൺ എന്നവർക്ക് താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം വിവിധ മാസങ്ങളിലെ ഹോണറേറിയം പ്രോജക്ട് പാസ്സാവുമ്പോൾ തിരികെ അടക്കേണ്ടതാണ് എന്ന വ്യവസ്ഥയിൽ കമ്മിറ്റി തീരുമാനം 91(1)/16 തിയ്യതി 30.09.16 പ്രകാരം തനതു ഫണ്ടിൽ നിന്നും നല്കിയിരുന്നു.

| വൗച്ചർ നമ്പർ | മാസം | തുക |
|---|---|---|
| 21600295 | 4/16 മുതൽ 6/16 വരെ | 30000 |
| 21600480 | 8/16 | 10000 |
| 21600424 | 9/16 | 10000 |
| | ആകെ | 50000 |

തനതുഫണ്ടിലേക്കുള്ള തിരിച്ചടവ് സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നം 32/16-17 /4-10-16 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിവരം ലഭ്യമാക്കും വരെ ചെലവു തുക 50000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-2 തനത് ഫണ്ട് വൗച്ചറുകൾ- അപാകതകൾ

കടവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള സ്ട്രീറ്റ് ലൈറ്റുകളുടെയും പൊതു ടാപ്പുകളുടെയും സംയുക്ത പരിശോധന നടത്തിയതു സംബന്ധിച്ച രേഖകൾ പരിശോധനക്ക് നൽകുവാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും (ഓഡിറ്റ് എൻക്വയറി നമ്പർ - 35/17 തീയ്യതി 4/10/17) ആയത് ലഭ്യമായിട്ടില്ല.

പഞ്ചായത്തിന്റെ പരിധിയിലുള്ള സ്ഥാപനങ്ങളുടെ കണ്ടിജന്റ് ചെലവുകൾക്കായി തുക അനുവദിച്ച വൗച്ചറുകൾക്കൊപ്പം ബിൽ, രശീതി എന്നിവ സൂക്ഷിച്ചിട്ടില്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം | വൗച്ചർ നമ്പർ/ തീയ്യതി | തുക | ചെലവിനം | അനുബന്ധ രേഖകൾ |
|---|---|---|---|---|
| 1 | 21600083/26.4.16 | 1298 | പി.എച്ച്.സി പെരുമ്പിലാവ് – ടെലിഫോൺ ചാർജ് | ടെലിഫോൺ ബിൽ, രശീതി. |
| 2. | 21600086/26.4.16 | 518 | ഹോമിയോ ഡിസ്പെൻസറി വൈദ്യുതി ചാർജ് | ഡിമാന്റ് നോട്ടീസ്, രശീതി |

പി.എച്ച്.സി. പെരുമ്പിലാവിന്റെ 7/13 മുതൽ 1/16 വരെയുള്ള വെള്ളക്കരം കുടിശ്ശിക 481 രൂപ ഫൈൻ ഉൾപ്പെടെ 5137 രൂപ പി.എച്ച്.സി.യിലേക്ക് വൗച്ചർ നമ്പർ 21600117/9. 5.16 പ്രകാരം നൽകിയിട്ടുണ്ട്. ഇത്തരം ചെലവുകൾ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി അക്കൗണ്ടിൽ നിന്നും എടുത്ത് താത്കാലികമായി ചെലവഴിക്കാം എന്നിരിക്കെ ഇത്രയും കാലത്തെ കുടിശ്ശിക

പിഴയുൾപ്പെടെ ഒരുമിച്ച് അടവാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## 3-3 സെക്രട്ടറി നിർവ്വഹണം ചെയ്ത പ്രോജക്ടുകളിലെ അപാകതകൾ.

സെക്രട്ടറി നിർവ്വഹണം ചെയ്ത പ്രോജക്ടുകളുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/പേര് | ട്രഷറി ബിൽ നമ്പർ/വൗച്ചർ നമ്പർ/തുക | ചെലവിന്റെ വിശദാംശങ്ങൾ | അപാകതകൾ |
|---|---|---|---|---|
| 1 | 144/17 പെരുമ്പിലാവ് ഹൈമാസ്റ്റ് ലൈറ്റ് LED ആക്കി സ്ഥാപിക്കൽ | 22/22-2-17 1,32,000/- | കേരള സ്റ്റേറ്റ് ഇന്റസ്ട്രിയൽ എന്റർപ്രൈസസ് മാനേജർക്ക് തുക കൈമാറി | പ്രവൃത്തി പൂർത്തീകരണം/ വിനിയോഗ വിവരം ലഭ്യമല്ല. |
| 2 | 84/17 യുവാക്കൾക്ക് കായിക പരിശീലനം | 43/31-3-17 70,707/- വൗച്ചർ നം. 21601164/31-3-17 29,293/- | 25 പരിശീലനാർത്ഥികൾക്ക് ഫുട്ബോൾ, വോളിബോൾ പരിശീലിപ്പിക്കുന്നതിന് ചെലവഴിച്ച തുക | പരിശീലനം പൂർത്തിയാക്കിയതു സംബന്ധിച്ച് പരിശീലനം നൽകിയ ആളുടെ സാക്ഷ്യപത്രം ഇല്ല |
| 3 | 195/17 പട്ടിക ജാതി ഭവന നിർമ്മാണം IAY പഞ്ചായത്ത് വിഹിതം നൽകൽ | 18/22-2-17 6,00,000/- 19/22.2.17 1,00,000 | തുക പിൻവലിച്ച് ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കിയത് | കൈപ്പറ്റ് രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല. |
| 4 | 77/17 തെരുവുനായ്ക്കളുടെ നിയന്ത്രണം ജില്ലാ വിഹിതം അടവാക്കൽ | 20/28-2-17 75,000/- | തുക പിൻവലിച്ച് ജില്ലാ പഞ്ചായത്തിൽ അടവാക്കിയത് | കൈപ്പറ്റ് രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല. |
| 5 | 62/17 SSA വിഹിതം | 10/13-12-16 8,33,493 | തുക പിൻവലിച്ച് ജില്ലാ പ്രോജക്ട് ഓഫീസർക്ക് കൈമാറി | കൈപ്പറ്റ് രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല. |
| ആകെ | | 18,40,493 | | |

മേൽ പറഞ്ഞ കാരണങ്ങളാൽ ചെലവ് തുക 18,40,493/- രൂപ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ 26/16-17 തീയതി - 28-9-2017)

## 3-4 കൃഷി ഓഫീസർ നിർവഹണോദ്യോഗസ്ഥനായുള്ള പദ്ധതി-രസീതികളിലെ അപാകതകൾ

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായുള്ള വിവിധ പദ്ധതികളിലെ ഗുണഭോക്തൃ വിഹിതം ഈടാക്കുന്ന രസീതികളിൽ ഒന്നിൽപോലും തുക ഈടാക്കുന്ന തിയ്യതി രേഖപ്പെടുത്തിയിട്ടില്ല. 2016-17 വർഷത്തിൽ മൊത്തം 229760 രൂപയുള്ള ഗുണഭോക്തൃ വിഹിതം വിവിധ രസീതികൾ പ്രകാരം കളക്ഷൻ രജിസ്റ്ററിൽ ചേർത്ത് കൃഷി ഭവനിൽ കൈപ്പറ്റിയിട്ടുള്ളതാണ്. രസീതികളിൽ തിയ്യതികൾ രേഖപ്പെടുത്താത്തതിനാൽ തുക കാലതാമസം കൂടാതെ പഞ്ചായത്തിൽ അടവാക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. മേൽ തുക പഞ്ചായത്തിൽ അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 3-5 കുടിവെള്ള പദ്ധതികൾ - പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

കടവല്ലൂർ ഗ്രാമ പഞ്ചായത്ത് 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന കുടിവെള്ള പദ്ധതികൾക്കായി ഭൂജല വകുപ്പിൽ 40,40,000/- രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നമ്പർ/പേര് | അടങ്കൽ | ചെലവ് തുക | ബിൽ നമ്പർ, തീയതി |
|---|---|---|---|---|
| 1 | 213/17<br>കോടമുക്ക് കുടിവെള്ള പദ്ധതി | 4,25,000 | 4,25,000 | 35/13-3-17 |
| 2 | 214/17<br>പള്ളിക്കുളം കുടിവെള്ള പദ്ധതി | 75,000 | 75,000 | 26/13-3-17 |
| 3 | 205/17<br>കാരുകുളം കുടിവെള്ള പദ്ധതി | 1,40,000 | 1,40,000 | 32/13-3-17 |
| 4 | 212/17<br>പ്രിയദർശിനി വാരിക്കുന്ന് കുടിവെള്ള പദ്ധതി | 4,20,000 | 4,20,000 | 36/13-3-17 |
| 5 | 211/17<br>ചെറുവത്തൂർ കുടിവെള്ളള പദ്ധതി | 5,00,000 | 5,00,000 | 37/13-3-17 |
| 6 | 210/17<br>വില്ലന്നൂർ കുടിവെള്ള പദ്ധതി | 5,25,000 | 5,25,000 | 29/13-3-17 |

| | | | | |
|---|---|---|---|---|
| 7 | 202/17<br>കാക്കുന്ന് കുടിവെള്ള പദ്ധതി | 3,30,000 | 3,30,000 | 38/13-3-17 |
| 8 | 220/17<br>ചോല കോളനി കുടിവെള്ള പദ്ധതി | 1,50,000 | 1,50,000 | 33/13-3-17 |
| 9 | 208/17<br>പൊന്നംകുന്ന് കുടിവെള്ള പദ്ധതി | 85,000 | 85,000 | 30/13-3-17 |
| 10 | 201/17<br>പരുവക്കുന്ന് കുടിവെള്ള പദ്ധതി | 1,90,000 | 1,90,000 | 31/13-3-17 |
| 11 | 200/17<br>കല്ലുംപുറം കുടിവെള്ള പദ്ധതി | 85,000 | 85,000 | 34/13-3-17 |
| 12 | 208/17<br>ഒരുക്കാൻകുന്ന് കുടിവെള്ള പദ്ധതി | 1,10,000 | 1,10,000 | 27/13-3-17 |
| 13 | 221/17<br>ചേലക്കപ്പറമ്പ് കുടിവെള്ള പദ്ധതി | 1,35,000 | 1,35,000 | 28/13-3-17 |
| 14 | 222/17<br>മുന്നോടിപ്പറമ്പ് കുടിവെള്ള പദ്ധതി | 3,00,000 | 3,00,000 | 25/13-3-17 |
| 15 | 197/17<br>കമ്മ്യൂണിറ്റി ഹാൾ കുടിവെള്ള പദ്ധതി | 2,70,000 | 2,70,000 | 24/13-3-17 |
| 16 | 223/17<br>കുന്നത്തുംകുളം കുടിവെള്ള പദ്ധതി | 3,00,000 | 3,00,000 | 23/13-3-17 |
| | ആകെ | | 40,40,000 | |

ഭൂജല വകുപ്പുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. (ജി.ഒ.(എം.എസ്.)4/16 തസ്വഭവ തിയ്യതി 11.01.16ലെ പുതുക്കിയ മാർഗ്ഗരേഖ ഖണ്ഡിക 6-15 X)

മേൽ പറഞ്ഞ കുടിവെള്ള പദ്ധതികളിൽ ക്രമ നമ്പർ 13 പ്രകാരമുള്ള പദ്ധതിക്കുവേണ്ടി ഭൂജല വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്ത 1,35,000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. മറ്റുള്ള കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ, ഭൂജല വകുപ്പിൽ നിന്ന് ലഭിച്ച പുതിയ അറിയിപ്പ് പ്രകാരം 16 പദ്ധതികളിൽ 9 എണ്ണം പ്രവൃത്തികൾ പൂർത്തീകരിച്ചതായും 7 കുടിവെള്ള പദ്ധതികൾ നടന്നുവരുന്നതായും അറിയിച്ചിട്ടുള്ളതായി വ്യക്തമാക്കി. പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-6 പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ.

പ്രോജക്റ്റ് നമ്പർ - 93/17

വൗച്ചർ നം. 21601165 തീയതി 31-3-17.

ചെക്ക് നമ്പർ - 0791606/31-3-17

ചെലവ് - 9,24,740/- രൂപ.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി.

കടവല്ലൂർ ഗ്രാമ പഞ്ചായത്ത് 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ എന്ന പദ്ധതിക്കുവേണ്ടി സാധന സാമഗ്രികൾ സപ്ലൈ ചെയ്യുന്നതിനായി മെട്രോ ഏജൻസീസ്, കടവല്ലൂർ സമർപ്പിച്ച ടെണ്ടർ 4-1-2017 ലെ പഞ്ചായത്ത് കമ്മറ്റി അംഗീകരിക്കുകയും, 13-3-2017ലെ സപ്ലൈ ഓർഡർ പ്രകാരമുള്ള സാധന സാമഗ്രികൾ മെട്രോ ഏജൻസീസ് പഞ്ചായത്തിൽ ലഭ്യമാക്കുകയും ചെയ്തു. സപ്ലൈ ചെയ്ത സാധനങ്ങൾ എല്ലാം സ്റ്റോക്കിൽ എടുത്തിട്ടുള്ളതാണ്. കമ്മ്യൂണിറ്റി ഹാളിന്റെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി വാങ്ങിയ സാധനങ്ങളിൽ 37 സീലിംഗ് ഫാനുകളും ഉൾപ്പെടുന്നു. ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥലപരിശോധനയിൽ, കമ്മ്യൂണിറ്റി ഹാളിൽ 33 ഫാനുകൾ സ്ഥാപിച്ചതായും 4 ഫാനുകൾ ഹാളിന്റെ ഒരുഭാഗത്ത് അലസമായി ഇട്ടിരിക്കുന്നതായും കാണപ്പെട്ടു. ഫാനുകൾ സുരക്ഷിതമായി സൂക്ഷിക്കാതിരുന്നതിന്റെയും. മുഴുവൻ ഫാനുകളും സ്ഥാപിക്കാതിരുന്നതിന്റെയും കാരണം ആരാഞ്ഞുകൊണ്ട് ഓഡിറ്റ് അന്വേഷണം (നമ്പർ 28/16-17 തീയതി 03-10-2017) നടത്തിയതിന് നൽകിയ മറുപടിയിൽ, ഉപയോഗിക്കാത്ത ഫാനുകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തിയിട്ടുണ്ടെന്നും, മാറ്റി വെച്ചിട്ടുള്ള 4 ഫാനുകളും ഉടൻ സ്ഥാപിക്കുന്നതാണെന്നും അറിയിച്ചു. ഫാനുകൾ സ്ഥാപിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 ഐ സിഡിഎസ് സൂപ്പർ വൈസർ നിർവ്വഹണോദ്യോഗസ്ഥനായുള്ള പദ്ധതികളിലെ അപാകതകൾ

1)പ്രോജക്ട് നമ്പർ 66/17

പ്രോജക്ടിന്റെ പേര് – പൂരക പോഷകാഹാര വിതരണം

ചെലവുതുക – 529133

ചെക്ക് നമ്പർ.781688/10-8-16

മേൽ പദ്ധതിയുടെ നടത്തിപ്പിനായി വിവിധ സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയ താഴെ പറയുന്ന സാധനങ്ങൾ സ്റ്റോക്കിൽ എടുത്തതിൽ കുറവ് വന്നതായികാണുന്നു.

| ബിൽ നം./സ്ഥാപനം | ഇനവിവരം | ബിൽ പ്രകാരമുള്ള അളവ് | തുക | സ്റ്റോക്കിലെടുത്ത അളവ് | യൂണിറ്റ് നിരക്ക് | വ്യത്യാസം |
|---|---|---|---|---|---|---|
| 15577/8-3-16/ കടവല്ലൂർ മാവേലി സ്റ്റോർ | വെളിച്ചെണ്ണ | 142 pkt | 17671 | 140pkt | 124.45 | 2(249 രൂപ) |
| ,, | ഗോതമ്പ് | 1790 കി.ഗ്രാം. | 78223 | 1805 | 43.70 | 15(656രൂപ) |
| ,, | ശർക്കര | 495 കി.ഗ്രാം. | 22715 | 485 | 45.89 | 10(459രൂപ) |

സ്റ്റോക്കിലെടുത്തതിൽ കുറവ് വന്ന ഇനങ്ങളുടെ വിലയായ 1,364/- രൂപ (249+656+459) ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-8 ഭവനനിർമ്മാണം - തറ വിസ്തീർണ്ണം അനുവദനീയമായതിനേക്കാൾ അധികം പണിതു.

2014-15 സാമ്പത്തിക വർഷത്തിൽ കരാറിലേർപ്പെട്ട് ഭവന നിർമ്മാണം ആരംഭിച്ചിട്ടുള്ള താഴെപ്പറയുന്ന ഗുണഭോക്താക്കൾ 4 ഗഡുക്കൾ കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിക്കുകയും 16-17, 17-18 വർഷങ്ങളിൽ കെട്ടിട നമ്പർ നൽകി വസ്തുനികുതി നിർണ്ണയം നടത്തുകയും ചെയ്തിട്ടുണ്ട് ഇത് പ്രകാരം അനുവദനീയമായതിനേക്കാൾ അധികരിച്ചാണ് ഭവന നിർമ്മാണം പൂർത്തിയാക്കിയത് എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക/ തിയതി | നികുതി നിർണ്ണയിച്ചതിൻ പ്രകാരം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം | കരാർ വെച്ച തിയതി | നികുതി നിർണ്ണയിച്ച വർഷം, തുക |
|---|---|---|---|---|
| ലക്ഷ്മി<br>W/o ദാസൻ<br>വാദ്യാർകോണം<br>പെരുമ്പിലാവ് | 20000/26.12.14<br>60000/18.2.15<br>60000/30.6.15<br>40000/31.12.15 | 82.73 എം$^2$ | 22.11.14 | 2017-18<br>തുക 348/- |
| ദിവാകരൻ<br>S/o മാക്ക<br>തേരിൽ (H)<br>പെരുമ്പിലാവ് | 20000/26.12.14<br>60000/20.1.15<br>60000/18.2.15<br>40000/14.3.17 | 88.19 എം$^2$ | 22.11.14 | 2016-17<br>തുക 371/- |

വി.ഇ.ഒ.യുടെ 2.8.17ലെ കത്ത് നം. 12/വി.ഇ.ഒ കരിക്കാട്/2017-18 പ്രകാരം നിയമാനുസൃതമായ വിസ്തൃതിയിൽ കൂടുതലാണ് മേൽ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത് എന്നതിനാൽ തന്നെ ഈ ഗുണഭോക്താക്കൾക്ക് അവസാന ഗഡു കൈമാറിയിട്ടില്ല എന്നും ഈ വിഷയത്തിന്മേൽ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-9 മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല

വിവിധ പദ്ധതികളുടെ ഭാഗമായി ആയുർവ്വേദം, ഹോമിയോ ആശുപത്രികളിലേക്ക് ലഭിക്കേണ്ട മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതി നമ്പർ | നിർവ്വഹണോദ്യോഗസ്ഥൻ | പദ്ധതി ചെലവ് | ട്രഷറി ബിൽ നമ്പർ/തീയതി | മരുന്നുകളുടെ വിവരം (തുകയുടെ |
|---|---|---|---|---|

| | | | | അടിസ്ഥാനത്തിൽ) | |
|---|---|---|---|---|---|
| | | | | ലഭിച്ചത് | ലഭിക്കാനുള്ളത് |
| S0063/17 | മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി | 150000 | 1/2016-17 | 78985 | 71015 |
| S0064/17 | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 700000 | 1/2016-17 തീയതി 23.11.16 | 684373 | 15627 |

ബാക്കി തുകക്ക് മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 3-10 ഹെഡ്മിസ്ട്രസ് നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

ഹെഡ്മിസ്ട്രസ് ജി.യു.പി.എസ് കൊരട്ടിക്കര നടപ്പാക്കിയ പദ്ധതികളിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1.പദ്ധതി നമ്പർ SOO 67 /17 - പത്താംതരം തുല്യതാ പരീക്ഷ, SOO 68/17 പ്ലസ് ടു തുല്യതാ പരീക്ഷ

ട്രഷറി ബിൽ നമ്പർ : 2/16-17&3/16-17 തീയതി : 21/3/17, തുക: 16,000/-, 19,500/-

മേൽ പദ്ധതികളുടെ ഭാഗമായി 2016-17 സാമ്പത്തിക വർഷത്തിൽ യഥാക്രമം 16000 രൂപയും 19500 രൂപയും കേരള സംസ്ഥാന സാക്ഷരത മിഷൻ ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. അതിന്റെ കൈപ്പറ്റ് രശീതികൾ ഫയലിൽ ഇല്ല. കൈപ്പറ്റ് രശീതി ഹാജരാക്കേണ്ടതാണ്.

2. പദ്ധതി നമ്പർ SO 131/17 സ്കൂൾ വിദ്യാർത്ഥിനികൾക്ക് ഷീ പാഡ് പദ്ധതി.

അടങ്കൽ : 321362

ട്രഷറി ബിൽ നമ്പർ : 1/16-17തീയതി : 27/2/17
തുക: 1,60,681/-

കടവല്ലൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള നാല് വിദ്യാലയങ്ങളിലേക്കായി മേൽ പദ്ധതി പ്രകാരം പദ്ധതി തുകയുടെ 50% അതായത് 160681 രൂപ മുൻകൂർ ആയി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതി പ്രകാരം ലഭിക്കേണ്ട സാനിട്ടറി നാപ്കിനുകൾ, ഇൻസിനറേറ്റർ, അലമാര എന്നിവ ഇതുവരെ ലഭിച്ചിട്ടില്ല. ആയത് എത്രയും പെട്ടന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. പദ്ധതി നമ്പർ SOO 80/17 - കൊരട്ടിക്കര ജി.യു.പി. സ്കൂളിലേക്ക് കമ്പ്യൂട്ടറുകൾ വാങ്ങൽ പദ്ധതി.
പദ്ധതി അടങ്കൽ : 75000 ചെലവ് :65050

ട്രഷറി ബിൽ നമ്പർ : 4/16-17 തീയതി : 28/3/17 തുക: 65,050/-

മേൽ പദ്ധതി പ്രകാരം കൊരട്ടിക്കര ജി.യു.പി. സ്കൂളിലേക്ക് ഒരു ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറും (37650രൂപ) ഒരു ലാപ് ടോപ്പ് കമ്പ്യൂട്ടറും (27400 രൂപ) വാങ്ങിയിട്ടുണ്ട്. എന്നാൽ ഉത്തരവ് നമ്പർ NEP3/10192/2015/DPI തീയ്യതി 21/11/16 പ്രകാരം സ്കൂളിലേക്ക് വാങ്ങാവുന്ന ഡെസ്ക്ടോപ്പ്

കമ്പ്യൂട്ടറുകളുടെ പരമാവധി വില 24830 രൂപയാണ്. എന്നാൽ ഈ ഇനത്തിൽ 37650 രൂപ ഇൻവോയ്സ് നമ്പർ 252/27.3.17 പ്രകാരം നെസ്റ്റ് സിസ്റ്റംസ് & സൊല്യൂഷൻസ്, തൃശ്ശൂർ എന്ന സ്ഥാപനത്തിനു നൽകിയിട്ടുണ്ട്. 12820 രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. ടി തുക തടസ്സപ്പെടുത്തുന്നു.

## 3-11 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾക്ക് വ്യത്യസ്ത വില നൽകിയിരിക്കുന്നു.

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ടെണ്ടർ നോട്ടീസ് നമ്പർ B2 313/17 തീയ്യതി 10/02/17 പ്രകാരം പി.എച്ച്.സി. പെരുമ്പിലാവ്, ജി.യു.പി.എസ്. കൊരട്ടിക്കര എന്നീ സ്ഥാപനങ്ങളിലേക്ക് ഒരേ സ്പെസിഫിക്കേഷനിലുള്ള ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ വിതരണം ചെയ്യുന്നതിനായി ഒരേ സ്ഥാപനം (നെസ്റ്റ് സിസ്റ്റംസ് & സൊല്യൂഷൻസ്, തൃശ്ശൂർ) രണ്ട് വ്യത്യസ്ത നിരക്കുകൾ സമർപ്പിച്ചത് 02/03/17ലെ പഞ്ചായത്ത് മീറ്റിങ്ങിൽ അംഗീകരിച്ചിട്ടുണ്ട്. വിശദമായി താഴെ ചേർക്കുന്നു.

| ക്രമനം | സ്ഥാപനം | കമ്പ്യൂട്ടറുകളുടെ എണ്ണം | നിരക്ക് | പദ്ധതി നമ്പർ |
|---|---|---|---|---|
| 1 | പി.എച്ച്.സി. പെരുമ്പിലാവ് | 1 | 33600 | 103/17 |
| 2. | ജി.യു.പി.സ്കൂൾ, കൊരട്ടിക്കര - | 1 | 37650 | 80/17 |
| 3 | വെറ്റിനറി ഡിസ്പെൻസറി | 2 | 37650 | 106/17 |

ഇത്തരത്തിൽ ഒരേ ടെണ്ടറിൽ വ്യത്യസ്ത നിരക്കിൽ കമ്പ്യൂട്ടർ വാങ്ങിയ വകയിൽ 4050x3=12,150/- രൂപ അധികം ചെലവ് വന്നിട്ടുണ്ട്. ബന്ധപ്പെട്ട ടെണ്ടർ ഫയൽ പരിശോധനക്ക് നൽകിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 20/17 തീയതി :29/09/17). ആയതിനാൽ 12,150/- രൂപ യുടെ അധിക ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-12 പി എച്ച് സി മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ.

പ്രോജക്ട് നമ്പർ 105/17 – പരിരക്ഷാ സാന്ത്വന പരിചരണം.

പദ്ധതിയോടനുബന്ധിച്ച് 4/16 മുതൽ 10/16 വരെയുള്ള പെയിൻ ആൻഡ് പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി 169610 രൂപ ട്രഷറി ബിൽ നമ്പർ 1/16-17 (തീയ്യതി 19/12/16) പ്രകാരം പിൻവലിച്ചിട്ടുണ്ട്. എന്നാൽ ആയതിനോടനുബന്ധിച്ച് 159610 രൂപയുടെ ചെലവ് വൗച്ചറുകൾ മാത്രമാണുള്ളത്. ചെലവു തുക കണക്കാക്കിയതിൽ വന്ന വ്യത്യാസം മൂലമാണ് ട്രഷറിയിൽ നിന്നും അധികം തുക പിൻവലിച്ചത്. വൗച്ചർ നമ്പർ 149 മുതൽ 174 വരെ 35200 രൂപ ചെലവ് കണക്കാക്കി ട്രഷറിയിൽ നിന്നും തുക മാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വൗച്ചറുകൾ പ്രകാരം 25200 രൂപ മാത്രമാണ് ചെലവ്. അധിക ചെലവ് വന്ന 10000 രൂപ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്ന് തിരിച്ച് പിടിക്കേണ്ടതാണ്.

പ്രോജക്ട് നമ്പർ SO 110/17 (പെരുമ്പിലാവ് പി.എച്ച്.എസ്.സി.യിലേക്ക് മരുന്ന് വാങ്ങൽ) -

350000 രൂപ, പ്രോജക്റ്റ് നമ്പർ SO 105/17 (പരിരക്ഷ സാന്ത്വന പരിചരണം) - 400000 രൂപ എന്നിവയുടെ ഭാഗമായി ആകെ 750000 രൂപ മരുന്ന വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. നാളിതുവരെ മരുന്നുകൾ ലഭിച്ചിട്ടില്ല. മരുന്നുകൾ വാങ്ങുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും NAC ലഭിച്ചിട്ടില്ല.

## 3-13 പൊതുമരാമത്ത് മേഖലയിലെ പദ്ധതി നിർവ്വഹണം

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ , വകയിരുത്തിയ തുക, ചെലവഴിച്ച തുക, ഇവയുടെ ശതമാനം എന്നീ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് | അംഗീകാരം ലഭിച്ചത്/ വകയിരുത്തിയത് | നടപ്പാക്കിയത്/ ചെലവഴിച്ചത് | ശതമാനം |
|---|---|---|---|
| എണ്ണം | 93 | 38 | 40.8 |
| തുക | 2,38,50,658/- | 75,63,185/- | 31.7 |

അംഗീകാരം കിട്ടിയ പ്രോജക്റ്റുകളിൽ 40.8% പ്രോജക്റ്റുകൾ മാത്രമേ നടപ്പാക്കുവാനും വകയിരുത്തിയ തുകയുടെ 31.7% തുക മാത്രമേ ചെലവഴിക്കാനും സാധിച്ചിട്ടുള്ളൂ. അംഗീകാരം ലഭിച്ച പ്രോജക്റ്റുകളിൽ ഭൂരിഭാഗം പ്രോജക്റ്റുകളും നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യം ഒഴിവാക്കാൻ ഭരണസമിതി പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-14 സോളിംഗ്, റീ ടാറിംഗ് പ്രവൃത്തികൾ കൃത്യസമയത്ത് പൂർത്തീകരിച്ചില്ല.

കടവല്ലൂർ ഗ്രാമ പഞ്ചായത്ത് 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട താഴെ പറയുന്ന റോഡ് നിർമ്മാണ പ്രവൃത്തികൾ കൃത്യസമയത്ത് പൂർത്തീകരിക്കപ്പെട്ടിട്ടില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ/ പ്രോജക്റ്റിന്റെ പേര് | അടങ്കൽ | കരാറുകാരൻ | പൂർത്തീകരണ കാലാവധി |
|---|---|---|---|---|
| 1 | ചോല എസ്റ്റേറ്റ് റോഡ് റീ ടാറിംഗ് റീച്ച് 1<br><br>SO038/17 | 1,80,000 | സി. ശശി | 6 മാസം |
| 2 | അറയ്ക്കൽ റോഡ് മുതൽ മദ്രസ്സപ്പടി റോഡ് സോളിംഗ്<br><br>SO039/17 | 4,30,000 | സി. ശശി | 4 മാസം |

ക്രമ നമ്പർ 1 പ്രകാരമുള്ള റീ ടാറിംഗ് പ്രവൃത്തിക്ക് കരാറുകാരൻ 4-9-2015 ന് സ്ഥലം ഏറ്റെടുത്തിട്ടുള്ളതാണ്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത് 25-3-2017 നാണ്. ക്രമ നമ്പർ 2 പ്രകാരമുള്ള സോളിംഗ് പ്രവൃത്തിക്ക് കരാറുകാരൻ സ്ഥലം ഏറ്റെടുത്ത തീയതി രേഖപ്പെടുത്തിയിട്ടില്ല. 4-9-2015ന് സ്ഥലം ഹാന്റ് ഓവർ ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചത്

13-4-2016 നാണ്.

റോഡ് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് മാസങ്ങളോളം കാലതാമസം ഉണ്ടായതിന്റെയും, കരാറുകാരനിൽ നിന്നും നിയമാനുസൃതം പിഴ ഈടാക്കാതിരുന്നതിന്റെയും കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 13/16-17 തീയതി 26-9-17) ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരന്റേതല്ലാത്ത കാരണങ്ങളാലാണ് പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസമുണ്ടായതെന്നും, ആയത് ഭരണസമിതിക്ക് ബോദ്ധ്യപ്പട്ടുമൂലമാണ് കരാറുകാരനിൽ നിന്ന് നിയമാനുസൃതമുള്ള പിഴ ഈടാക്കാതിരുന്നതെന്നും വ്യക്തമാക്കുകയുണ്ടായി. നിശ്ചിത സമയ പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ പറ്റാത്ത സാഹചര്യത്തിൽ കാലാവധി നീട്ടിക്കിട്ടുന്നതിനായി പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം ഉറപ്പുവരുത്തേണ്ടതും, രേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

## 3-15 മാന്തോട്ടം കുടിവെള്ള പദ്ധതിക്ക് മോട്ടോർ, പൈപ്പ് ലൈൻ - അപാകതകൾ

പ്രൊജക്ട് നമ്പർ - 33/17

അടങ്കൽ - 2,70,000/-

നിർവ്വഹണ ഉദ്യോസ്ഥൻ - അസി. എഞ്ചിനീയർ

കരാറുകാരൻ - പി.എൻ. വിജയൻ

ബിൽ നമ്പർ - 12/16-17 തീയതി - 14-3-17 തുക 1,68,075/-

കടവല്ലൂർ ഗ്രാമ പഞ്ചായത്ത് 2016-17 വർഷം നടപ്പിലാക്കിയ മേൽ പദ്ധതിക്കായി തൻവർഷം 1,68,075/- രൂപ ചെലവഴിച്ചിട്ടുണ്ട്.

പ്രവൃത്തിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. കരാറുകാരന് വർക്ക് ഓർഡർ നൽകിയതിന്റെയും, സ്ഥലം ഏറ്റെടുത്തതിന്റെയും രേഖകൾ ഫയലിൽ ഇല്ല. ആയതിനാൽ ടെണ്ടർ ലഭിച്ച കരാറുകാരൻ കരാറിൽ ഏർപ്പെടേണ്ടത് എന്നായിരുന്നു എന്നും, കരാർ വെക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ടോ എന്നും, പ്രവൃത്തി എന്നാണ് തുടങ്ങിയത് എന്നും പരിശോധിച്ചുറപ്പുവരുത്താൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

2. കരാറിൽ പ്രവൃത്തിയുടെ ആരംഭം, പൂർത്തീകരണം എന്നിവ വ്യവസ്ഥ ചെയ്തിട്ടില്ല. ആയതിനാൽ പ്രവൃത്തി യഥാസമയം പൂർത്തീകരിച്ചിട്ടുണ്ടോ എന്നും, പൂർത്തീകരണത്തിൽ കാലതാമസമുണ്ടായിട്ടുണ്ടോ എന്നും പരിശോധിച്ചുറപ്പുവരുത്താൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. (കരാറിൽ ഏർപ്പെട്ടത് 4-10-2016 നും, പ്രവൃത്തി പൂർത്തീകരിച്ചത് 20-2-17 നുമാണ്).

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുകയുണ്ടായി. അപാകതകൾ സംഭവിക്കാനിടയായ സാഹചര്യങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ ഫയലിൽ സൂക്ഷിക്കേണ്ടതും, ഇത്തരത്തിലുള്ള നടപടി ക്രമങ്ങളിലെ അപാകതകൾ ആവർത്തിക്കാതിരിക്കാൻ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുമാണ്.

## 3-16 ചേലക്കപ്പറമ്പ് കുടിവെള്ള പദ്ധതിക്ക് കുഴൽ കിണർ നിർമ്മാണം പൂർത്തീകരിക്കാതെ ഉപേക്ഷിച്ചു.

പ്രൊജക്റ്റ് നമ്പർ - 168/15, 60/16, 32/17

അടങ്കൽ - 2,00,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ

കരാറുകാരൻ - എ.ബി. ബിനീഷ്

ബിൽ നമ്പർ - 01/16-17 തീയതി - 30-11-16 തുക 62,253/-

കടവല്ലൂർ ഗ്രാമ പഞ്ചായത്ത് മേൽ പദ്ധതിക്കായി 2016-17 സാമ്പത്തിക വർഷം 62,253/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2014-15 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട ടി പദ്ധതിക്ക് കുഴൽ കിണർ കുഴിപ്പിച്ചെങ്കിലും വെള്ളം ലഭിക്കാത്തതിനാൽ പദ്ധതി ഉപേക്ഷിക്കുന്നതിനും ചെയ്ത പ്രവൃത്തിയുടെ ഫൈനൽ ബിൽ തുക കരാറുകാരന് നൽകുന്നതിനും ഭരണ സമിതിയുടെ 30-9-2016 ലെ 89(1) നമ്പർ തീരുമാന പ്രകാരം അസി. എഞ്ചിനീയറെ ചുമതലപ്പെടുത്തുകയായിരുന്നു. ലക്ഷ്യം കൈവരിക്കാതെ ഉപേക്ഷിക്കേണ്ടിവന്ന ഈ പദ്ധതിക്കായി സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് 62,253/- രൂപ ചെലവഴിക്കേണ്ടി വന്നു. മരാമത്ത് പ്രവൃത്തികൾ ആരംഭിച്ചതിനുശേഷം ഉപേക്ഷിക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കുവാൻ അധികൃതർ പ്രത്യേകം ജാഗ്രത പുലർത്തേണ്ടതാണ്.

## 3-17 തൊഴിലുറപ്പ് പദ്ധതി അവലോകനം

2016-17 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായ ബന്ധപ്പെട്ട് പഞ്ചായത്തിൽ നിന്നും ലഭിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ - 2794

2. ജോബ് കാർഡ് നൽകിയത് - 2692

3. തൊഴിൽ ആവശ്യപ്പെട്ടവരുടെ എണ്ണം - 1376

4. തൊഴിൽ ലഭിച്ചവരുടെ എണ്ണം - 1179

5. ആകെ മനുഷ്യ ദിനം - 42,046

6. നൂറ് ദിവസം തികച്ചത് - 14

7. A.S കിട്ടിയ പ്രോജക്റ്റുകളുടെ എണ്ണം/അടങ്കൽ - 10,56,70,000

8. പണി തുടങ്ങിയത് - 261

9. ആകെ ചെലവ് - 1,92,60,941/-

മേൽ പറഞ്ഞ കണക്കുകൾ പ്രകാരം 2016-17 വർഷത്തിൽ ആകെ ചെലവ് അടങ്കൽ തുകയുടെ 18.22% മാത്രമാണ്. 100 ദിവസത്തെ തൊഴിൽ 14 പേർക്കു മാത്രമാണ് ലഭിച്ചു കാണുന്നത്. കടവല്ലൂർ ഗ്രാമ പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനം കുറഞ്ഞുപോകാനുള്ള കാരണം പരിശോധിച്ച് വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്. പഞ്ചായത്ത് ഭരണ വിഭാഗത്തിന്റെ ശ്രദ്ധ

ഇക്കാര്യത്തിൽ ചെലുത്തേണ്ടതാണ്.

## 3-18 ഭരണ സമിതി തീരുമാനം നടപ്പാക്കിയിട്ടില്ല.

കടവല്ലൂർ ഗ്രാമ പഞ്ചായത്തിൽ കെ.എസ്.ഇ.ബി.യുടെ ഓഫീസ് സ്ഥിതി ചെയ്യുന്ന പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടത്തിന് വാടക ഈടാക്കിവരാത്ത സാഹചര്യത്തിൽ, ആയത് ഈടാക്കുന്നതിനായി പ്രസ്തുത കെട്ടിടങ്ങളുടെ വാടക നിശ്ചയിച്ച് നൽകുന്നതിനുവേണ്ടി, പഞ്ചായത്ത് ഭരണ സമിതിയുടെ 13-6-2016 ലെ 51/16 നമ്പർ തീരുമാന പ്രകാരം എൽ.എസ്.ജി.ഡി. അസി. എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. വാടക നിശ്ചയിച്ച് നൽകുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നതായി പഞ്ചായത്ത് അധികൃതർ അറിയിച്ചു. പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടത്തിന് വാടക നിശ്ചയിച്ച് ആയത് ഈടാക്കിക്കൊണ്ട് പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഉപോൽബലകമായ രീതിയിൽ തുടർനടപടികൾ ത്വരിതപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2015-16 | 75000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 75000 | 0 |
| ജില്ലാ പഞ്ചായത്ത് | 2015-16 | 75000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 75000 | 0 |
| ,, | 2016-17 | 225000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 225000 | 0 |
| ,, | 2016-17 | 557436 | കൃഷി | 557436 | 0 |
| ,, | 2014-15 | 2500000 | കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം | 2080000 | 420000 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 100000 | പെയിൻ ആന്റ് പാലിയേറ്റീവ് | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 800000 | കൃഷി | 800000 | --- |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 75000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 74025 | 975 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 360000 | സ്വാശ്രയ കുടിവെള്ള പദ്ധതി | 257763 | 102237 |

ജില്ലാപഞ്ചായത്തിൽ നിന്നും 2015-16 വർഷത്തിൽ ലഭിച്ച തുകയിൽ ബാലൻസുള്ള 211818/- രൂപ ഏതെല്ലാം പ്രൊജക്ടുകൾക്കായാണ് ചെലവഴിച്ചതെന്ന വിവരം ലഭ്യമല്ല. 2016-17 വർഷത്തിലെ ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ 4 ൽ ടി തുക ഉൾപ്പെട്ടു കാണുന്നില്ല.

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് തൃശ്ശൂർ | കോടമുക്ക് കുടിവെള്ള പദ്ധതി | 21601006/12.1.17 | 425000 | -- | 425000 |
| ,, | പള്ളിക്കുളം ആശാരി ക്കട്ടകുടിവെള്ള പദ്ധതി | 21600997 | 75000 | - | 75000 |
| ,, | കാരുകുളം കുടിവെള്ള പദ്ധതി | 21601003 | 140000 | – | 140000 |
| ,, | പ്രിയദർശിനി വാരികുന്ന് കുടിവെള്ള പദ്ധതി | 21601007 | 420000 | – | 420000 |

| | | | | | |
|---|---|---|---|---|---|
| ,, | ചെറുവത്തൂർ കുടിവെള്ള പദ്ധതി | 21500889/18.3.16 | 500000 | - | 500000 |
| ,, | വില്ലന്നൂര് കുടിവെള്ള പദ്ധതി | 21601000 | 525000 | - | 525000 |
| ,, | കക്കുന്ന് കുടിവെള്ള പദ്ധതി | 21601014 | 330000 | - | 330000 |
| ,, | ചോല കുടിവെള്ള പദ്ധതി | 21601004 | 150000 | - | 150000 |
| ,, | കല്ലും പുറം കുടിവെള്ള പദ്ധതി | 21601001 | 85000 | --- | 85000 |
| ,, | പരുവക്കുന്ന് കുടിവെള്ള പദ്ധതി | 21601002 | 190000 | --- | 190000 |
| ,, | പൊന്നാം കുന്ന് കുടിവെള്ള പദ്ധതി | 21601005 | 85000 | --- | 85000 |
| ,, | ഒരുകാൽകുന്ന് കുടിവെള്ള പദ്ധതി | 21600998 | 110000 | -- | 110000 |
| ,, | ചേലക്കപറമ്പ് കുടിവെള്ള പദ്ധതി | 21600999 | 135000 | 135000 | --- |
| ,, | മുന്നോടിപറമ്പ് കുടിവെള്ള പദ്ധതി | 21600996 | 300000 | ---- | 300000 |
| ,, | കുന്നത്ത്കുളം കുടിവെള്ള പദ്ധതി | 21600994 | 300000 | ---- | 300000 |
| ,, | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ | 21600995 | 270000 | ---- | 270000 |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് വാർഷിക കണക്കിൽ B18 ഷെഡ്യൂൾ പ്രകാരം 101300 രൂപയാണ് ഡെപ്പോസിറ്റ് ചെയ്തതായി കാണുന്നത്. മേൽവ്യത്യാസത്തിന് കാരണം വിശദമാക്കേണ്ടതാണ്.

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം എടുത്ത തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| സമ്പൂർണ്ണ ഭവനപദ്ധതി | സ.ഉ83/13/ തസ്വഭവ തിയ്യതി.11-5-13 | 20000000 | 5000000/- | 11480000 | 2000000 | 500000 | 9980000 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5100- |
| തൻവർഷം നിക്ഷേപിച്ച തുക | -- |
| ആകെ | 5100 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5100 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം / രശീതി നം | തുക |
|---|---|
| -- | 5100 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും, ഉദ്യോഗപ്പേരും | രശീത് നമ്പർ, തിയ്യതി |
|---|---|---|---|---|
| ഇല്ല | | | | |

## 4-7. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 54555833 |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 55546993 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 11330 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 11364 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1915463 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 1530 | | മനോജ്, സെക്രട്ടറി |
| 2-1 | 8200 | | ,, |
| 2-2 | 1600 | | ,, |
| 3-7-1 | | 1364 | കാഞ്ചനമാല, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-12 | | 10000 | ഡോ. അഭിലാഷ്, മെഡിക്കൽ ഓഫീസർ പി.എച്ച്.സി., പെരുമ്പിലാവ് |
| ആകെ | 11330 | 11364 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 50000 | മനോജ്, സെക്രട്ടറി |
| 3-3 | 1840493/- | മനോജ്, സെക്രട്ടറി |
| 3-10 | 12820 | ദീപ, ഹെഡ് മിസ്ട്രസ്സ്, ജി.യു.പി.എസ്., കൊരട്ടിക്കര |
| 3-11 | 12150 | മനോജ്, സെക്രട്ടറി |
| ആകെ | 1915463 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും, ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മനോജ്, സെക്രട്ടറി | സെക്രട്ടറി, കടവല്ലൂർ ഗ്രാമപഞ്ചായത്ത് | ലക്ഷ്മി നിവാസ്, എം.എൽ.എ.റോഡ്, പുതിയകാവ്, തൃപ്പൂണിത്തുറ |
| കാഞ്ചനമാല, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്., പഴയന്നൂർ ഗ്രാമപഞ്ചായത്ത് | കതിരംപാറ വീട്, പട്ടിപ്പാറ, പി.ഒ. തിരുവില്ല്വാമല |
| ഡോ. അഭിലാഷ്, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., കടവല്ലൂർ | കൃഷ്ണകൃപ, കാട്ടാക്കട, തിരുവനന്തപുരം |

## 4-8. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| | ഓഡിറ്റ് അദാലത്ത് നമ്പർ എൽ.എഫ് ടി. (എസ്.2)- 894 /27 .7 .11 /01.10.11 |
| 76-77 | എൽ എഫ് ഇ3-2829/78/ 13.03.79 |
| 84--85 | എൽ എഫ് ടി. 10-1790/ 96/ 07.12.96 |
| 88-89,89-90 | എൽ എഫ് ടി 10-642/94/ 20.03.96 |
| 90-91 | എൽ എഫ് ടി10-1658/ 94/ 05.06.94 |
| 91-92 | എൽ എഫ് ടി10-963/93/ 06.06.94 |
| 92-93,93-94 | എൽ എഫ് ടി10-233/95/ 11.12.95 |
| 94-95,95-96 | എൽ എഫ് ടി10- 245/ 2000/ 05.08 2000 |
| 96-97(ചെലവ്) | എൽ എഫ് ടി5-5/98/ 02.01.99 |
| 97-98(ചെലവ്) | എൽ എഫ് ടി10/1445/98/ 13.01.99 |
| 98-99(ചെലവ്) | എൽ എഫ് ടി 10-762/01/ 27.08.01 |
| 99-00(ചെലവ്) | എൽ എഫ് ടി 10-923/03/ 03.09.03 |
| 2000-01,2001-02 | എൽ എഫ് ടി10-6543/03/ 05.05.04 |

| | |
|---|---|
| (ജനകീയാസൂത്രണം) | |
| 96-97( ചെലവ്) | എൽ എഫ് ടി.10-169/08/01.01.09 |
| 97-98( ചെലവ്) | എൽ എഫ് ടി10-170/08/01.01.09 |
| 98-99 (ചെലവ്) | എൽ എഫ് ടി10-171/08/01.01.09 |
| 2000-01 | എൽ എഫ് ടി10- 173/08/01.01.09 |
| 2001-2002 | എൽ എഫ് ടി 10- 174/08/04.05.09 |
| 2002-03 | എൽ എഫ് ടി10-1050/08/31.08.09 |
| 2003-04 | എൽ എഫ് ടി10-1051/08/31.08.09 |
| 2004-05 | എൽ എഫ് ടി10-245/09/14.06.10 |
| 2005-06 | എൽ എഫ് ടി10-1372/09/06.08.10 |
| 2006-07 | എൽ എഫ് ടി10-1373/11.08.10/13.10.11 |
| 2007-08 | എൽ എഫ് ടി (പി. 2)164/ 12/05.06.12 |
| 2008-09 | എൽ എഫ് ടി(പി. 2) 165/12/05.06.12 |
| 2009-10 | എൽ എഫ് ടി (പി 2)166/ 12/05.06.12/ 05.07.12 |
| 2010-11 | എൽ എഫ് ടി (പി .2) 2237/12/14.2.13/ 09.05.13 |
| 2011-12 | എൽ എഫ് ടി(പി. 6)1975/13/17.08.14/ 09.07.14 |
| 2012-13 | എൽ എഫ് ടി (പി.9) 1450/ 14/12.01.15/ 6.05.15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ(പി9)941/15 20.10.2015/ 04.11.2015 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(പി9)923/16/ 16.6.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(പി9)1855/16/ 8.11.16/5.12.16 |

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-ടി.എസ്.ആർ.(പി6)1524/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ -680020

ഫോൺ 0487 2331249

email: dotsr.ksad@keralagov.in

തീയതി: 29.11.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ കടവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കടവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

No.KSA -TSR(P6)1524/17

Kerala State Audit Department.

District Audit Office,

Thrissur – 680020

Ph: 0487 2331249

email: dotsr.ksad@keralagov.in

Dated: 29.11.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of KadavallurGrama Panchayat in Thrissur District for the year ended on 31.3.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made thereunder and the guidelines issued by the Comptroller & Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the financial Statements of Kadavallur Grama Panchayat for the year 2016-17, except the observations in my Audit Report properly presents the picture of income and expenditure.

Deputy Director,

District Audit Office, Thrissur